**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1994      16.02.2016 -ലെ മറുപടിക്ക്.

## മരങ്ങൾ കടത്തുന്നതു തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. കെ.എം. ഷാജി | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി ) |
| **(എ)** വനമേഖലയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചു കടത്തുന്നതു തടയാൻ എന്തൊക്കെ സംരക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | **(എ)** വനംവകുപ്പ ജീവനക്കാരെയും, റിസർവ്വ് ഫോറസ്റ്റ് വാച്ചർമാരെയും, ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക വാച്ചർ മാരേയും ഡ്യൂട്ടിക്ക് നിയോഗിച്ചും, രാത്രികാല പട്രോളിംഗ് നടത്തിയും, മരം മുറിച്ച് കടത്തുന്നത് തടഞ്ഞു വരുന്നു. കൂടാതെ മറയൂർ ചന്ദന റിസർവ്വിന് ചുറ്റും ഫെൻസിംഗ്, സോളാർ ഫെൻസിംഗ് എന്നിവ സ്ഥാപിച്ചും, ജീവനക്കാർക്ക് തോക്ക്, റൈഫിൾ എന്നീ ആയുധങ്ങൾ നൽകിയും, വയർലെസ്സ് സംവിധാനം ഏർപ്പെടുത്തിയും, ക്യാമറകൾ സ്ഥാപിച്ചും മരം മുറിച്ച് കടത്തുന്നത് തടയുന്നു. |
| **(ബി)** മരങ്ങളുടെ വിവരശേഖരണം നടത്തി എണ്ണം തിട്ടപ്പെടുത്തി നമ്പറിട്ടു സൂക്ഷിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; | **(ബി)** മറയൂർ ഡിവിഷനിൽ ചന്ദനമരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ചന്ദനമരങ്ങൾക്ക് നമ്പർ നൽകി സൂക്ഷിച്ചു വരുന്നു. |
| **(സി)** എങ്കിൽ വിലപിടിപ്പുള്ള ചന്ദനം, വീട്ടി തുടങ്ങിയവയുടെ വിവരശേഖരണവും ആധുനിക ഇലക്ട്രോണിക് സംവിധാനം | **(സി)** നിലവിൽ 30 സെന്റീമീറ്ററിൽ കൂടുതൽ നെഞ്ചളവുള്ള ചന്ദനമരങ്ങളുടെ നമ്പരിട്ടു വിവരശേഖരണം നടത്തി വരുന്നു. ഇലക്ട്രോണിക് സംവിധാനങ്ങളിൽ |

| | |
|---|---|
| ഉപയോഗപ്പെടുത്തിയുള്ള സംരക്ഷണ നടപടികളും ഊർജ്ജിതമാക്കുമോ? | ക്യാമറകൾ, വാക്കിടോക്കികൾ എന്നിവ വനസംരക്ഷണത്തിനായി നിലവിൽ ഉപയോഗിച്ചു വരുന്നു. 'ഇലക്ട്രോണിക് ഐ' പോലെയുള്ള ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Chitra

സെക്ഷൻ ഓഫീസർ